# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **2328**

23.03.2012 ൽ മറുപടിക്ക്

## പൊതുമേഖലാ വ്യവസായങ്ങൾക്ക് സ്റ്റാർ റേറ്റിങ്ങ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) പ്രവർത്തനമികവ് ആധാരമാക്കി സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായങ്ങൾക്ക് സ്റ്റാർ റേറ്റിങ്ങ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) പ്രവർത്തനമികവ് ആധാരമാക്കി സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളിൽ സ്റ്റാർ റേറ്റിങ്ങ് ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) സംസ്ഥാനത്ത് ഏതാനും പൊതുമേഖലാ സ്ഥാപനങ്ങൾ തങ്ങളുടെ ലാഭവിഹിതം ഇത്തവണ സർക്കാരിനു കൈമാറുക ഉണ്ടായോ; വ്യക്തമാക്കാമോ; | (ബി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 7 പൊതുമേഖലാ സ്ഥാപനങ്ങളാണ് 2010- 11 സാമ്പത്തിക വർഷത്തിലെ തങ്ങളുടെ ലാഭ വിഹിതം സർക്കാരിന് കൈമാറിയത്. 2538.73 ലക്ഷം രൂപയാണ് ലാഭ വിഹിതമായി കൈമാറിയത്. |
| (സി) എങ്കിൽ സ്ഥാപനങ്ങളുടെ പേരും ലാഭവിഹിതമായി നൽകിയ തുകയും എത്രയെന്ന് വ്യക്തമാക്കുമോ; | (സി) 2010-11 സാമ്പത്തിക വർഷത്തിലെ ലാഭവിഹിതം കൈമാറിയ സ്ഥപനങ്ങളുടെ പേരും തുകയും ചുവടെ ചേർക്കുന്നു |

| ക്രമ നം | കമ്പനി | 2010-11ലെ ലാഭവിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് | 1546.64 |
| 2 | മലബാർ സിമന്റ്സ് | 520.00 |
| 3 | ട്രാൻസ്ഫോർമേർസ് & ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് | 187.55 |
| 4 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 175.00 |
| 5 | സ്റ്റീൽ&ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | 47.77 |
| 6 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് | 42.00 |
| 7 | കേരള ക്ലേയിസ് & സിറാമിക് പ്രോഡക്റ്റ്സ് ലിമിറ്റഡ് | 19.77 |
| | **Total** | **2538.73** |

| | |
|---|---|
| (ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യാനും കൂടുതൽ കാര്യക്ഷമത വർദ്ധിപ്പിക്കാനുമുള്ള നടപടികൾ കൈക്കൊള്ളുമോ; | (ഡി) നടപടികൾ ഇപ്പോൾതന്നെ തുടർന്നു വരുന്നുണ്ട്. |
| (ഇ) ഇ-ടെൻഡറിംഗ് സംവിധാനം പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് നടപ്പിൽ വരുത്തും എന്നു വ്യക്തമാക്കുമോ? | (ഇ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ ഇപ്പോൾ ഇ-ടെൻഡറിംഗ് സംവിധാനം നിലവിലില്ല. സർക്കാരിന്റെ ഒരു വർഷത്തെ കർമ്മപരിപാടി യിലുൾപ്പെടുത്തി പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-ടെൻഡറിംഗ് സംവിധാനം ഏർപ്പെടുത്തുന്ന നടപടികൾ ആവിഷ്കരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**